പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1119 05/03/2020 ൽ മറുപടിയ്ക്ക്

**അംബേദ്കർ മെമ്മോറിയൽ എൽ.പി.സ്കൂൾ ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്** **(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിലെ കള്ളിമൂട്ട്കാണി അംബേദ്കർ മെമ്മോറിയൽ എൽ.പി. എയ്ഡഡ് സ്കൂളിന്റെ മാനേജ്മെന്റ് ട്രസ്റ്റ് അംഗങ്ങൾ മരണപ്പെട്ടതിനാലും സ്കൂൾ അന്യാധീനപ്പെട്ട നിലയിലായതിനാലും സ്കൂളിനെ സർക്കാർ സൗജന്യമായി ഏറ്റെടുക്കുന്നതിന് നിലവിലുള്ള മാനേജ്മെന്റ് പ്രതിനിധികൾക്ക് സമ്മതമായതിനാലും ആയതിലേയ്ക്കുള്ള തുടർനടപടികൾ സ്വീകരിക്കാമോ; | (എ) & (ബി) ഒരു എയ്ഡഡ് സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായിട്ടുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വിശദമായ റിപ്പോർട്ട് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സഹിതം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതുമാണ്. |
| (ബി) പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ